# സ്നേഹപൂർവ്വം...

ISSUE 4 | NEWSLETTER OF MGOCSM BASELIUS COLLEGE UNIT | Oct. Nov. Dec. 2017


ചിന്താവിഷയം ഒക്ടോബർ

## ദീർഘക്ഷമ

ദീർഘക്ഷമ, ആത്മാവിന്റെ ഫലത്തിന്റെ അടുത്ത ഭാവം. തുടർച്ചയായി വീണ്ടും വീണ്ടും ക്ഷമിക്കുന്നതിനെ നാം ദീർഘക്ഷമ എന്നു പറയുന്നു. പ്രശ്സ്ത ചിന്തകനായ അരിസ്റ്റോട്ടിൽ ഇപ്രകാരം പറയുന്നു 'ദീർഘക്ഷമ കയ്പേറിയതാണ് എന്നാൽ അതിന്റെ ഫലമോ മധുരമുള്ളവയും'. വ്യക്തിയിൽ നിന്നാണല്ലോ സമൂഹം ഉണ്ടാകുന്നതും രാഷ്ട്രം ജനിക്കുന്നതും. അതിനാൽ വ്യക്തി മനസ്സാണ് ആദ്യം വൃത്തിയാക്കേണ്ടത്. എങ്കിൽ മാത്രമേ ലോകത്തിന്റെ സ്വഭാവം മാറ്റാൻ കഴിയൂ. ക്ഷമയില്ലാത്ത ഒരുവൻ സാത്താന്റെ കരങ്ങളിലെ ശക്തിയേറിയ ആയുധമാണ്. ' ഒരു നിമിഷത്തിലെ ക്ഷമ പത്ത് വർഷത്തിന്റെ സമാധാനം നൽകുന്നു. എന്ന ചൈനീസ് പഴഞ്ചൊല്ല് വളരെ അർത്ഥവത്താണ്.

ആളുകൾ ദേഷ്യപ്പെടുന്നത് നാം കാണാറുണ്ട്. നമ്മളും ദേഷ്യപ്പെടാറുണ്ട്. ഒഴിവാകേണ്ട മോശമായ ഒരു ശീലമാണ് ദേഷ്യമെന്ന് നമുക്ക് അറിയാം പക്ഷേ പലപ്പോഴും ദേഷ്യപ്പെടാൻ തക്ക കാരണമുള്ളതായി നമുക്ക് തോന്നാറുണ്ട് പ്രത്യേകിച്ച് നമ്മുടെ നീതിബോധത്തിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുമ്പോൾ, എന്നാൽ ദേഷ്യംകൊണ്ട് നാം പൊട്ടിത്തെറിക്കുമ്പോൾ കോപവും ക്രോധവും വർദ്ധിക്കുകയേയുള്ളൂ എന്നതാണ് വസ്തുത. പ്രശ്നം പരിഹരിക്കാൻ.... അത് ഒട്ടും സഹായിക്കുകയില്ല.

അങ്ങനെയെങ്കിൽ ദേഷ്യവും അതിന്റെ ദൂഷ്യഫലങ്ങളും ഒഴിവാക്കാൻ നമുക്ക് എങ്ങനെ സാധിക്കും? പുരാതന യിസ്രായേലിലെ ജ്ഞാനിയായ ശലോമോൻ ഇങ്ങനെ പറയുന്നു " വിവേകബുദ്ധിയാൽ മനുഷ്യനും ദീർഘക്ഷമ വരുന്നു; ലംഘനം ക്ഷമിക്കുന്നതു അവനു ഭൂഷണം" (സദൃശവാക്യങ്ങൾ 19:11)

വിവേകബുദ്ധി അഥവാ ഉൾകാഴ്ച എന്നാൽ കാര്യങ്ങൾ ആഴത്തിൽ വിലയിരുത്താനുള്ള കഴിവാണ്. ഉൾകാഴ്ചയുണ്ടായിരിക്കുക എന്നതിന്റെ അർത്ഥം ഒരു കാര്യത്തിന്റെ ഒരു വശംമാത്രം ചിന്തിയ്ക്കാതെ അതിന്റെ ഉള്ളിലേക്കു ഇറങ്ങി ചെന്നു കാണും എന്നതാണ്. അനീതി കാണുമ്പോൾ നമുക്ക് ദേഷ്യം തോന്നാൻ സാധ്യത കൂടുതലാണ് എന്നിരുന്നാലും വികാരത്തിന് അടിമപ്പെട്ട് ആക്രമശക്തരാകുകയോ രോഷത്തോടെ പ്രതികരിക്കുകയോ ചെയ്യുന്നെങ്കിൽ അതു നമുക്കോ മറ്റുള്ളവർക്കോ ദോഷം വരുത്തിവെച്ചേക്കാം. ദേഷ്യത്തിന്റെ ഒരു തീ പൊരിക്ക് നമ്മുടെ സത്പേര് കളഞ്ഞുകുളിക്കാനും മറ്റുള്ളവരുമായി ദൈവവുമായി പോലുമുള്ള ബന്ധം തകർക്കാനും കഴിയും അതുകൊണ്ട് നമ്മുടെ ഉള്ളിൽ കോപം നുരഞ്ഞുപൊന്താൻ തുടങ്ങുമ്പോൾ തന്നെ സാഹചര്യം ഒന്ന് ആഴത്തിൽ ചിന്തിയ്ക്കുക സംഭവിക്കുന്ന കാര്യത്തെക്കുറിച്ച് ഒരു ആകമാന വീക്ഷ്ണമുണ്ടായിരിക്കുന്നത് നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കാൻ തീർച്ചയായും സഹായിക്കും. അതിനാൽ വിവേകബുദ്ധികൊണ്ട് നമുക്ക് ദീർഘക്ഷമ കൈവരിക്കാനും അതുവഴി നന്മയുടെ വക്താക്കളാകുവാനും നമുക്ക് കഴിയും.

## സ്നേഹകൂടാരം 2017



ബസേലിയസ് കലാലയത്തിലെ MGOCSM യൂണിറ്റിന്റെ ഭാഗമായി നടത്തപ്പെടുന്ന 'സ്നേഹകൂടാരം' ത്രിദിനക്യാമ്പ് 2017 ഒക്ടോബർ മാസം 27,28,29 തീയതികളിലായി മാങ്ങാനം ക്രൈസ്തവാശ്രമത്തിൽവച്ച് നടത്തപ്പെട്ടു. 27–ാം തീയതി അഭിവന്ദ്യ തോമസ് മാർ അത്തനാസ്യോസ് തിരുമേനി ഉദ്ഘാടന കർമ്മം നിർവഹിക്കുകയും, കോളേജ് പ്രിൻസിപ്പൽ ഡോ. ജാൻസി തോമസ് ആശംസകൾ അറിയിക്കുകയും ചെയ്തു. അതേ തുടർന്ന് ശ്രീ. അജയ് ഏബ്രഹാം Ice Breaking Session കൈകാര്യം ചെയ്തു. പിന്നീട് വിവിധ കലാപരിപാടികൾക്കു ശേഷം പ്രാർത്ഥനയോടു കൂടെ ആദ്യ ദിനം അവസാനിച്ചു. 2–ാം ദിവസമായ 28–ാം തീയതി പ്രഭാതപ്രാർത്ഥനയ്ക്കു ശേഷം Theme Breaking Session; കലാലയത്തിലെ മലയാള വിഭാഗം അദ്ധ്യാപകൻ പ്രൊഫ. തോമസ് കുരുവിള നിർവ്വഹിച്ചു. അതിനുശേഷം റേഡിയോ മിർച്ചി ആർ ജെ ആയി പ്രവർത്തിക്കുന്ന ശ്രീ. ജോസഫ് കെ. ജോസ് ഒരു Interactive Session കാഴ്ച വെച്ചു. ഉച്ചയ്ക്ക് ശേഷം ശ്രീ. അശ്വന്ത് അനിൽകുമാർ, ശ്രീ. അഡോണി സി.റ്റി. ജോൺ എന്നീ പ്രതിഭാശാലികൾ ഓരോ സെക്ഷൻ അവതരിപ്പിച്ചു. വൈകുന്നേരം വി. കുമ്പസാരം, കൗൺസലിംഗ് എന്നിവ നടത്തപ്പെടുകയും രാത്രി പ്രാർത്ഥനയോടുകൂടി 2–ാം സമാപിക്കുകയും ചെയ്തു. 3–ാം ദിവസം രാവിലെ വി. കുർബ്ബാന അതേ തുടർന്ന് സമാപന സമ്മേളനം എന്നിവ നടത്തപ്പെട്ടു. MGOCM General Secretary, ഫാ. ഫിലൻ മുഖ്യാതിഥിയായ സമ്മേളനം ഏകദേശം പന്ത്രണ്ടുമണിയോടുകൂടെ സമാപിക്കുകയും ചെയ്തു.

## ദയ
## (KINDNESS)

ചിന്താവിഷയം നവംബർ

ആത്മാവിന്റെ ഫലങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് ദയ അല്ലെങ്കിൽ കരുണ. ദയ എന്നത് കൊണ്ട് നാം അർത്ഥമാക്കുന്നത് "The Quality of being kind" ദയയിലുള്ള ഗുണത്തിന്റെ നിലനിൽപ്പ്. ഇന്ന് സമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പടുന്നത് ദയയെക്കുറിച്ചാണ്. എന്നാൽ ഇന്നു വളർന്നു വരുന്ന തലമുറയോട് 'ദയ ' എന്താണെന്ന് ചോദിച്ചാൽ ഉത്തരമില്ല. കാരണം സാങ്കേതിക വിദ്യകളിലും, പരീക്ഷണങ്ങളിലും ഏർപ്പെടുന്ന സാഹചര്യത്തിൽ ഈ ചോദ്യത്തിന് ഒരു പ്രസക്തിയുമില്ല. മാത്രവുമല്ല ഇന്നത്തെ കുട്ടികളിൽ 'ദയ 'എന്ന വാക്ക് രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ പിന്നോട്ടാണ്.

വിശുദ്ധ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു; " യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും." സങ്കീർത്തനം 32 : 10. ഈ വാക്കുകളിൽ തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും 'ദയ ' എന്ന വാക്ക് എത്ര പ്രാധാന്യമർഹിക്കുന്നുവെന്ന്. ' ദയ' എന്നത് അനുകമ്പയുടെയും, അനുതാപത്തിന്റെയും, സ്നേഹത്തിന്റെയും, കരുണയുടെയും മൂർത്തീഭാവമാണ് "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു." 1 കൊരിന്ത്യർ: 4:3 ൽ പറയുന്നു.

'ദയ 'യെ 2 തലങ്ങളായി തരംതിരിക്കാം ഒന്നാമതായി, 'കുടുംബം' ദയ എന്ന പദം ഉത്ഭവിക്കുന്നത് കുടുംബത്തിൽ നിന്നാണ്. എന്നാൽ അത് അനുഭവിക്കാൻ കഴിയുന്നത് ലോകവും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിൽ നിന്നാണ്.

രണ്ടാമതായി 'സൗഹൃദം'. കുടുംബം എന്നതു പോലെ തന്നെ പ്രാധാന്യമുള്ളതാണ് സൗഹൃദം. "A true Friendship is built on kindness."സൗഹൃദത്തെ മുറുകെപ്പിടിക്കാനുള്ള ഉപാധിയാണ് 'ദയ'. ദയ എന്നതിനോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് 'ക്ഷമ'. ക്ഷമയുള്ളയിടത്തെ ദയയുടെ ആഴമറിയു.

തികഞ്ഞ ഒരു വ്യക്തിത്വത്തിന് ആവശ്യമായ ഘടകമാണ് ദയ. ചെവി കേൾക്കാനാവാത്ത ബധിരനും, കണ്ണിന് കാഴ്ചശേഷിയില്ലാത്ത കുരുടനും ദയ എന്നത് അവരുടെ ഭാഷയാണ്. "Kind word & never hurt the tongue". ദയ എന്ന വാക്ക് നാവിനെ ഒരിക്കലും വ്രണപ്പെടുത്തുന്നില്ല.

**Jomol Johnson**, D2 Economics




മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്ന അഖില മലങ്കര ഗായകസംഘ മത്സരത്തിൽ ബസേലിയസ് കോളേജ് MGOCSM ക്വയർ ഒന്നാം സ്ഥാനം നേടി

ചിന്താവിഷയം ഡിസംബർ

## പരോപകാരം

ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് നന്മ ചെയ്യുന്നതിനാണ്. മനുഷ്യനെ സൃഷ്ടിക്കുമ്പോൾ , അവന് സ്വാതന്ത്ര്യം എന്ന ദിവ്യദാനവും നൽകുന്നു. സ്വാതന്ത്ര്യത്തോടുകൂടി ഒരു നല്ല കാര്യം ചെയ്യുമ്പോഴാണ് ദൈവസന്നിധിയിൽ അവന് യോഗ്യതയും അനുഗ്രഹവും ലഭിക്കുന്നത്. മറ്റുള്ളവർക്ക് നല്ല ഉദ്ദേശത്തോടെ നാം നന്മ ചെയ്യുമ്പോൾ അത് ദൈവത്തിന് തന്നെയാണ് ചെയ്യുന്നത്. "Helping others is helping God" എന്ന പഴമൊഴി ഇവിടെ പ്രസക്തമാണ്. പിതാക്കന്മാർ കർത്താവിന് നൽകിയിരിക്കുന്ന വിശേഷണം തന്നെ "The man for others" എന്നാണ് ഇതിൽ നിന്നെല്ലാം പരോപകാരത്തിന്റെ ശ്രേഷ്ഠത ഗ്രഹിക്കുവാൻ കഴിയും. എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഇതാണ്. സഹജരെ കരുതുന്നതിന്റെ മഹത്വമാണ് എല്ലാ മതങ്ങളും പ്രഘോഷിക്കുന്നത്.

പ്രപഞ്ച സൃഷ്ടിയിൽ മഹാഭാരതം എന്ന ഇതിഹാസത്തിൽ ഇല്ലാത്തതായി യാതൊന്നും ഇല്ലെന്നാണ് പറയപ്പെടുന്നത്. അതിന്റെ കർത്താവായ വ്യാസമഹർഷി തന്റെ തത്ത്വസംഹിതകളെയെല്ലാം ഒതുക്കി കെട്ടുന്നത് ഇപ്രകാരമാണ്.

"പരോപകാരമേ പുണ്യം
പാപം താൻ പരപീഡനം"

മറ്റുള്ളവർ എനിക്കെന്തുചെയ്തു എന്ന് നാം ഓരോരുത്തരും ചിന്തിക്കുന്നു പക്ഷേ മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുവാൻ ഒരു നിമിഷമെങ്കിലും കഴിഞ്ഞിട്ടുണ്ടോ എന്ന് നാം ചിന്തിക്കണം. ആരും പഠിപ്പിക്കാതെ തന്നെ പ്രകൃതിപോലും ഈ മഹത്തരമായ പാഠം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നുണ്ട്. പശു പാൽ ചുരത്തുന്നത് സ്വന്തം ആവശ്യത്തിനായല്ല, നദി ജലമൊഴുക്കുന്നത് സ്വയം കുടിക്കാനല്ല, വൃക്ഷങ്ങൾ കനികൾ ചൂടുന്നത് തനിക്കു തന്നെ ഭക്ഷിക്കാനല്ല, മേഘങ്ങൾ മഴ പെയ്യിക്കുന്നതും സ്വയം തൃപ്തിപ്പെടുത്താനല്ല. എല്ലാം മറ്റുള്ളവർക്ക് വേണ്ടിയാണ്. ആത്മാവിന്റെ ഫലങ്ങളിൽ ആറാമത്തേതാണ് പരോപകാരം. നാം സ്നേഹത്തോടെ, സന്തോഷത്തോടെ, മറ്റുള്ളവർക്ക് സമാധാനം നൽകിക്കൊണ്ട് അവർ ചെയ്ത തെറ്റുകൾ ക്ഷമിച്ച് മറ്റുള്ളവരോട് ദയ കാട്ടുന്നത് തന്നെയാണ് പരോപകാരവും. മറ്റുള്ളവരെ നമ്മുക്ക് ആവുന്ന രീതിയിൽ ഉപകാരം ചെയ്തുകൊടുക്കണം. പ്രതിഫലം പ്രതീക്ഷിക്കാതെ ചെയ്യുന്ന സഹായമാണ് ഏറ്റവും ധന്യമായത്. അതുകൊണ്ടു തന്നെ നമുക്ക് പറ്റുന്ന രീതിയിൽ നമ്മുടെ ചുറ്റുമുള്ളവർക്ക് ഉപകാരം ചെയ്യുവാൻ നമ്മുക്ക് സാധിക്കണം.

**ലയ മറിയം ഏബ്രഹാം,** ഡി2 പൊളിറ്റിക്കൽ സയൻസ്

## ഗുരുവിന്റെ അനുഗ്രഹം

ജീവിതത്തിൽ ആദ്യാക്ഷരം പറഞ്ഞുതന്ന് പഠനത്തിന്റെ തുടക്കം കുറിച്ചത് 'അമ്മ' എന്ന രണ്ട് അക്ഷരമാണ്. ആ അമ്മ തന്നെയാണ് ജീവിതത്തിലെ കഷ്ടതകളിലും, ദുരന്തങ്ങളിലും കൈതാങ്ങായി നമ്മുടെ ഒപ്പമുണ്ടാകുക. സ്കൂൾ ജീവിതത്തിലേയ്ക്ക് കടന്ന് ചെല്ലുമ്പോൾ വിദ്യ പറഞ്ഞ് നൽകാൻ വരുന്നതാണ് 'ഗുരു'. ഒരു മനുഷ്യന്റെ ജീവിതഘട്ടങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ചിലരാണ് അവർ. അവരുടെ സ്നേഹത്തോടും വാത്സല്യത്തോടുമുള്ള ശിക്ഷണത്തിൽ വിദ്യ എന്ന സർവ്വപ്രധാനമായ ധനത്തിന്റെ വിത്ത് പാകി വളർത്തുന്നതിൽ ഏറ്റവുമധികം പങ്ക് വഹിക്കുന്നു.

ഗുരുവിനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോൾ 'ഗുരുത്വം' എന്ന ശ്രേഷ്ഠമായ അനുഗ്രഹം ലഭിക്കപ്പെടുന്നു. ആ അനുഗ്രഹത്തിന്റെ ശക്തിയുടെ തേജസ്സ് നാം ചിന്തിക്കുന്നതിനുമപ്പുറത്താണ്. ആ അനുഗ്രഹം നേടുക കഠിനകരവും എന്നാൽ സ്വർഗ്ഗം ലഭിക്കുന്നതുപോലെയുമാണ്. ഗുരുവിനെ സ്നേഹിച്ചും, ആദരിച്ചും, ബഹുമാനിച്ചും അവരുടെ അനുഗ്രഹത്തെയും സ്നേഹത്തെയും നേടിയെടുക്കുക.

**ബനീറ്റ ബെന്നി,** ഡി1 മലയാളം



പത്തനാപുരം സെന്റ് സ്റ്റീഫൻസ് ട്രെയിനിംഗ് കോളേജിൽ നടന്ന 'കെനേറോ 2017'ൽ ബസേലിയസ് കോളേജ് MGOCSM ക്വയർ മൂന്നാം സ്ഥാനം നേടി

## എഡിറ്റോറിയൽ

### സർഗ്ഗാത്മക കലാലയം

പണ്ടൊരിക്കൽ കലാലയങ്ങൾ രാഷ്ട്രീയ ചർച്ചകളുടെയും, സാഹിത്യോത്സവങ്ങളുടെയും വേദിയായിരുന്നു. എന്നാൽ ഇന്ന് കലാലയങ്ങൾ അത്തരം ആഭിമുഖ്യങ്ങൾ കാട്ടുന്നതേയില്ല. ഇന്നു ക്യാമ്പസുകളിലെ ചർച്ചകൾ 'സോഷ്യൽ മീഡിയകളിലേക്ക്' വഴിമാറുന്നു. അവയിലെ ചൂടേറിയ പ്രതികരണങ്ങളും ഡബ്സ്മാഷിലെ അഭിനയവും സ്മൂളിലെ പാട്ടുകളും ഒക്കെ കേൾക്കുമ്പോൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയ്ക്ക് കാര്യമായ ക്ഷയമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. പക്ഷേ ക്യാമ്പസുകളിൽ ഒരു മുരടിപ്പാണ്. വിദ്യാർത്ഥികളും അധ്യാപകരും ആരോപിക്കുന്ന ഒന്ന് സെമസ്റ്റർ സിസ്റ്റത്തിലെ പഠനത്തിരക്കുകളാണ്.

MGOCSM Unit വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയ്ക്ക് പരിപോഷണവുമായാണ് 'സ്നേഹപൂർവ്വം' എന്ന ഈ പ്രസിദ്ധീകരണവുമായെത്തുന്നത്. കുറേയധികം വിദ്യാർത്ഥികൾ തങ്ങളുടെ തൂലിക മൂല്യബോധമുള്ള ലേഖനങ്ങളും അനുഭവങ്ങളും ഒക്കെയായി ഈ സ്നേഹപൂർവ്വത്തിന്റെ വളർച്ചയിൽ സഹായിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും പോരാ. മതങ്ങൾക്കപ്പുറമുള്ള ആത്മീയതയും, ജീവകാരുണ്യപ്രവർത്തനങ്ങളോടുള്ള ഉത്സാഹവും കുറേക്കൂടി നമുക്കേവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

" സ്നേഹപൂർവ്വം" എന്ന ഈ പ്രസിദ്ധീകരണം മൂല്യബോധമുള്ള സർഗ്ഗാത്മക ക്യാമ്പസിന്റെ ഉദാഹരണമായി മാറണം.

മാഷ്

# എന്റെ പ്രിയ അദ്ധ്യാപിക

നിരാശയിലേക്ക് തളരാതിരിക്കാനും , പ്രതീക്ഷയിലേക്ക് വളരുവാനും പലപ്പോഴും നമ്മെ ഉത്തേജിപ്പിക്കുന്നത് ചില വ്യക്തിത്വങ്ങളാണ്. നമ്മുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്ന ചില പുഞ്ചിരികളുടേയും. സ്പർശനങ്ങളുടെയും ചൂടും, ഓർമ്മയുമാണ്.

എന്റെ ഉള്ളിൽ 'ഒരു അദ്ധ്യാപിക' ആകണം എന്ന ആഗ്രഹം എന്നാണ് ഉദിച്ചത് എന്നോർമ്മയില്ല. ചില കാര്യങ്ങൾ നമ്മുക്ക് ഓർത്തെടുക്കുവാൻ അസാധ്യമാണ്. കാരണം, ഓർത്തെടുക്കുവാൻ അത് ഒരിക്കലെങ്കിലും ഓർമ്മയാകണം, എനിക്കത് ഒരിക്കലും ഓർമ്മയായിട്ടില്ല എന്നും പച്ച പിടിച്ചു നില്ക്കുന്ന, ഒരു സുഗന്ധ മരമാണ് അത്.

എന്നാൽ, ഒരിക്കൽ, കൃത്യമായി പറഞ്ഞാൽ അഞ്ച് വർഷങ്ങൾക്കു മുമ്പ്, ആ ആഗ്രഹത്തിന് ദാരിദ്യം സംഭവിച്ചിരുന്നൊ എന്നു ഞാൻ ഭയപ്പെട്ട ദിനങ്ങൾ ഉണ്ടായിരുന്നു. അന്ന്, ഒരു ടീച്ചർ എങ്ങനെയാവണം എന്നു ഞാൻ ചിന്തിക്കുമായിരുന്നു. ഞാൻ ഉറച്ചു വിശ്വസിക്കുന്നു, വികാരങ്ങളെ കെട്ടിയിട്ട്, മനസ്സു നിറഞ്ഞ് സ്നേഹം പകർന്നു നല്ക്കുന്നവരാണ് അദ്ധ്യാപകർ. പഠിപ്പിച്ച ഓരോ അദ്ധ്യാപകരും, ഓരോ വിദ്യാർത്ഥിക്കും, ദൈവം നല്കിയ വലിയ വരദാനമാണ്. എന്തുകൊണ്ടോ, അതിൽ ചിലർ, നമ്മുടെ മനസ്സിലേക്കു മാത്രമല്ല നമ്മളിലേക്കു തന്നെ ആഴ്ന്നിറങ്ങും. പലപ്പോഴും നമ്മൾ ആ വ്യക്തികളാണ് എന്നുപോലും അത്ഭുതപ്പെടും.

എന്റെ പ്രിയ അദ്ധ്യാപിക, ദൈവം ഒരു വേനൽകാലത്ത് എനിക്കു തന്ന നിറകുടമാണ്. ആ കുടത്തിലെ വെള്ളം ഇന്നും ഒരിറ്റുപോലും വറ്റിയിട്ടില്ല. 8–ാം ക്ലാസ്സിലെ എന്റെ ക്ലാസ്സ് ടീച്ചർ കേവലം നാലു മാസം മാത്രം പഠിപ്പിച്ചു. ഒരു സുപ്രഭാതത്തിൽ മിസ്സിനു പകരം പുതിയ ഒരു ടീച്ചർ വന്നു. മനസ്സിൽ ആരോ ഒരടി തന്നിട്ട് പറഞ്ഞതുപോലെ – എന്റെ പ്രിയ മിസ്സിന് ബസേലിയസ് കോളേജിൽ ജോലി ലഭിച്ചു അതുകൊണ്ട് മിസ്സ് സ്കൂളിൽ നിന്നും പോയി. നാലു മാസം കൊണ്ടു തന്നെ മിസ്സിന്റെ ഓരോ ചലനങ്ങളും എനിക്കു മന:പാഠമായിരുന്നു. ചില സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടായപ്പോൾ മിസ്സായിരുന്നു ഈ സ്ഥാനത്തെങ്കിൽ എന്ന് ചിന്തിച്ചു ഞാൻ പ്രവർത്തിച്ചു. എന്നിലേക്ക് ആഴ്ന്നിറങ്ങിയ വിശ്വാസത്തിന്റെ ആ പുഞ്ചിരി എനിക്കു സമ്മാനിച്ചത് ദാരിദ്രത്തിലെ ധാരാളിത്തമാണ്. പ്രതീക്ഷയുടെ ധാരാളിത്തം പിന്നീട് 4 വർഷത്തോളം മിസ്സിനെ നേരിൽ കാണാൻ കഴിഞ്ഞില്ലെങ്കിലും, മിസ്സിന്റെ ഓരോ ചെറിയ വിശേഷങ്ങളും ഞാൻ പലരിൽ നിന്നും അറിഞ്ഞിരുന്നു. ഒരു ക്രിസ്തുമസ് ദിനത്തിൽ ഞാൻ മിസ്സിന്റെ വീട്ടിൽ പോയി 4 വർഷങ്ങൾക്കു ശേഷം കാണുന്ന ഒരു ആശ്ചര്യവും എനിക്കില്ലായിരുന്നു മിസ്സിനും, കാരണം സ്വപ്നങ്ങളിൽ ഞാൻ എന്നും കാണുന്ന മുഖം ഓരോ രാത്രിയിലും എന്നോട് സംസാരിച്ചിരുന്ന മുഖം, എനിക്കു അപരിചിതമല്ലല്ലോ.

ഇന്ന്, എനിക്ക് ഓരോ ദിവസവും, മിസ്സിനെ കാണാം, വർത്തമാനം പറയാം. കാരണം ഇന്ന് ഞങ്ങൾ രണ്ടുപേരും ബസേലിയസിന്റെ ഭാഗമാണ്. 5 വർഷങ്ങൾക്കു ശേഷം മിസ്സിന്റെ ക്ലാസ്സിൽ ഇരിക്കുന്നു. വിധി കാത്തു വച്ച സമ്മാനം ദൈവം എനിക്കായി ഒളിപ്പിച്ചു വച്ചത്.

ഓരോ വിദ്യാർത്ഥിയുടെയും ഹൃദയത്തിൽ ഒരു സിംഹാസനമുണ്ട്. അത് അവന്റെ പ്രിയപ്പെട്ട ഗുരുനാഥനുള്ളതാണ്. എന്റെ മനസ്സിന്റെ സിംഹാസനത്തിൽ എന്നും ചക്രവർത്തി – മിസ്സാണ്.

**ലിയ സക്കറിയ,** ഡി1 ഇക്കണോമിക്സ്

# സ്നേഹിക്കുവിൻ

**സ്നേഹം** കപടതകൾ നിറഞ്ഞ ഈ മായാലോകത്ത് ഏറ്റവും അധികമായി ദുരുപയോഗം ചെയ്യപ്പെടുന്ന ഒരു വാക്കാണ് ഇത്. നമ്മുടെയൊന്നും സ്നേഹം പൂർണ്ണമല്ല എന്നതാണ് അതിനു കാരണം. പൗലോസ് അപ്പോസ്തലൻ കൊരിന്ത്യർക്ക് എഴുതിയ കത്തിൽ പറഞ്ഞിരിക്കുന്നു. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷയിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ട് സകലമർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹം ഇല്ലാ എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല." സഹോദരങ്ങളേ, നാം ചെയ്യുന്ന പ്രവർത്തികളെക്കാൾ, നാം നേടുന്ന അറിവിനേക്കാൾ, നമ്മുക്കുള്ള കഴിവുകളെക്കാൾ മഹത്തരമാണ് സ്നേഹം. ഇന്ന് സ്നേഹം ഒരു വികാരമായി തെറ്റിദ്ധരിക്കപ്പെടുന്നു.. ഈ ധാരണ ആർക്കെങ്കിലും ഉണ്ടെങ്കിൽ തിരുത്തിക്കൊള്ളുക. സ്നേഹം വികാരമല്ല. ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാമതായി ആണ് സ്നേഹത്തിന് സ്ഥാനം. അതായത് ആത്മാവിന്റെ ഒന്നാമത്തെ ഫലമാണ് സ്നേഹം. മറ്റെല്ലാം ഇതിൽ നിന്നും ഉളവാകുന്നതാണ്.യവനഭാഷയിൽ സ്നേഹത്തെ സൂചിപ്പിക്കാൻ നാലു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. EROS, PHILIA, AGAPE, EDILLIO

*1. EROS:* ഇന്നത്തെ സമൂഹത്തിൽ സാധാരണ കാണുന്നത് EROS ആണ്. പ്രഹസനമായുള്ള സ്നേഹം ആണ് ഇത്. ബാഹ്യപ്രകടനങ്ങളിൽ മാത്രം ഒതുങ്ങുന്നു. 'അകത്തു കത്തിയും പുറത്തു പത്തിയും ' എന്ന പഴഞ്ചൊല്ലിനെ ഇത് അർത്ഥമാക്കുന്നു. ഇതിന് ഉദാഹരണം എന്തെന്നാൽ തെരഞ്ഞെടുപ്പു സമയത്ത് സ്ഥാനാർത്ഥികൾ കാണിക്കുന്ന സ്നേഹം. എന്തെങ്കിലും ഉദ്ദേശം വച്ചുകൊണ്ടാണ് പ്രകടിപ്പിക്കുന്നത്. സ്നേഹം എന്ന വാക്കിനു തന്നെ അപവാദമാണ് കാരണം സ്നേഹത്തിൽ കപടതയോ സ്വാർത്ഥതയോ ഇല്ല.

*2. PHILIA:* ഇതിനോടു തതുല്യമായോ മലയാളത്തിലുള്ള പദം സൗഹൃദം എന്നതാണ്. വാക്കിൽ നിന്നു തന്നെ അർത്ഥം വ്യക്തമാണല്ലോ, സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹമാണ് ഇത്. ചിലതിന് ആയുസ്സ് കുറവായിരിക്കും. ചില സൗഹൃദങ്ങൾ വളരെക്കാലം നിലനില്ക്കും.

*3. AGAPE:* സ്നേഹം എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായും ഉൾക്കൊള്ളുന്ന വാക്കാണ് AGAPE. നിസ്വാർത്ഥമാം സ്നേഹംമെന്നു സാമാന്യമായി പറയാം. ഒരാൾ മറ്റൊരാളെ സ്നേഹിക്കുന്നു എങ്കിലും തിരിച്ച് മറ്റൊന്നും –സ്നേഹം പോലും തിരിച്ച് പ്രതീക്ഷിക്കുന്നില്ല എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. AGAPEയ്ക്ക് നൽകാവുന്ന ഉദാഹരണം എന്തെന്നാൽ അമ്മയ്ക്ക് കുഞ്ഞിനോടുളള സ്നേഹം. ഇവിടെ അമ്മ കുഞ്ഞിൽ നിന്നും തിരിച്ച് ഒന്നും പ്രതീക്ഷിക്കുന്നില്ല. അത്തരത്തിലുള്ള സ്നേഹം സത്യമാണ്. നാം പരസ്പരം വളർത്തിയെടുക്കേണ്ടത് ഇത്തരത്തിലുള്ള സ്നേഹമാണ്. AGAPEയിൽ വിവേചനങ്ങളില്ല. എല്ലാവരെയും ഒരുപോലെ വലിപ്പച്ചെറുപ്പമില്ലാതെ സ്നേഹിക്കുന്നു. സ്വന്തം ത്യാഗം നോക്കാതെ സ്വജീവൻ പോലും കൊടുക്കാൻ ഈ സ്നേഹം തയ്യാറാകുന്നു. 1 കൊരി 13–ാം അദ്ധ്യായത്തിൽ പരി. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു, "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. " AGAPEയ്ക്ക് നൽകാവുന്ന എറ്റവും നല്ല വിശേഷണം ഇതുതന്നെയാണ്.

*4. .EDILLIO:* മലയാളത്തിൽ ഇതിനോടു തത്തുല്യമായ പദം 'പ്രണയം' എന്നതാണ്. സ്നേഹത്തിൽ ഏറ്റവും ശക്തമാണ് പ്രണയം. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. പരസ്പരം പ്രണയിക്കുന്ന കാമുകികാമുകന്മാരുടെ കാര്യം ഉദാഹരണമായെടുക്കാം. കാമുകൻ തന്റെ കാമുകിയെക്കുറിച്ച് സദാ സമയവും ചിന്തിച്ചുകൊണ്ടിരിക്കുന്നു. അവൾ അടുത്തില്ലെങ്കിൽ പോലും സദാസമയവും അവളുടെ സാമിപ്യം അനുഭവിക്കുന്നു. അവളുടെ നന്മയെക്കുറിച്ചു എപ്പോഴും ചിന്തിക്കുന്നു. അതു മാത്രവുമല്ല അവൾക്ക് ഇഷ്ടമല്ലാത്തത് ഒന്നും അവൻ ചെയ്യില്ല. അതുപോലെ തന്നെ തിരിച്ചും അനുഭവസ്ഥർക്ക് പെട്ടന്നു മനസിലായിക്കൊള്ളും. (ഇതിലും കൂടുതലെന്തെങ്കിലും ഉണ്ടെങ്കിൽ എന്നെ അറിയിച്ചുകൊള്ളുക) ഇന്ന് പ്രണയവും വെറും ഭംഗിവാക്കു മാത്രമായി തീർന്നിരിക്കുന്നു. EROS ന്റെ തലത്തിലേക്ക് പ്രണയം പലപ്പോഴും തരം താഴ്ത്തപ്പെട്ടു പോകുന്നു. 'തേപ്പ്'എന്ന വാക്കിന്റെ അർത്ഥം മാറി ഉപയോഗിക്കപ്പെടുവാൻ തുടങ്ങിയതിന് കാരണം ഇതാണ്.

സ്നേഹം ഒരിക്കലും ശാരീരികം അല്ല. സ്നേഹം ആത്മീയമാണ്. (വികാരം പൂർണ്ണമായും ശാരീരികമാണ്. അതുകൊണ്ടാണ് സ്നേഹം വികാരങ്ങളുടെ ഗണത്തിൽപെടാത്തത്) ആത്മാവിൽ നിന്നാണ് സ്നേഹം ഉണ്ടാകുന്നത്. സ്നേഹം പ്രകടിപ്പിച്ചാലും ഇല്ലെങ്കിലും സ്നേഹത്തിന്റെ മൂല്യം നഷ്ടമാകുന്നില്ല. ദൈവം നമ്മെ സ്നേഹിക്കുന്നു. അവന്റെ സ്നേഹം നിസ്വാർത്ഥമാണ്. നാം ഈ ലോകത്തോടു ബന്ധപ്പെട്ട് അവനെതിരായി പാപം ചെയ്ത് അവനിൽ നിന്നും അകന്നുപോകുന്നു. എങ്കിലും അവന് നമ്മോടുള്ള സ്നേഹത്തിന് യാതൊരു കുറവുമില്ല. അതുകൊണ്ടാണ് അവൻ ശ്രീരാമനായും ശ്രീകൃഷ്ണനായും ശ്രീയേശുവായും മനുഷ്യാവതാരമെടുത്ത് ഈ ലോകത്തിലേക്ക് വന്നത്. നമ്മെ വീണ്ടെടുക്കുന്നതിനുവേണ്ടി യാണ് അവൻ വന്നത്. ആദം നബി മുതൽ മുഹമ്മദ് നബി (സ) വരെയുള്ള പ്രവാചകന്മാരെ അവൻ അയച്ചതിനുള്ള ഉദ്ദേശവും മറ്റൊന്നല്ല. നല്ലതിനെ സ്നേഹിക്കുക. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിനേക്കാൾ പ്രധാനമായി മറ്റൊന്നും തന്നെ ഇല്ല. എന്നാൽ നാം വിചാരിക്കുന്നതുപോലെ അത്ര എളുപ്പമല്ല അത്. എന്തെന്നാൽ നല്ലത് എന്തെന്ന് അറിയാനുള്ള കഴിവ് നമ്മിൽ കുറവാണ്. പണമോ രുചികരമായ ഭക്ഷണമോ നല്ലതാണെന്നു നാം കരുതുന്നു. എങ്കിലും സത്യത്തിൽ അതൊന്നും നല്ലതല്ല. നല്ലതെല്ലാം ഈശ്വരനിൽ നിന്നും വരുന്നതാണ്. നല്ലതിനെ തിരിച്ചറിഞ്ഞ് സ്നേഹിക്കുന്നതിലൂടെ ഈശ്വരനെ തന്നെയാണ് നാം സ്നേഹിക്കുന്നത്. ഇത് പിന്തുടർന്നവരാണ് സിദ്ധന്മാരായി തീർന്നിട്ടുള്ളത്. 'അന്യോന്യം സ്നേഹിക്കുവിൻ' എന്നാണ് ഈശ്വരൻ നമുക്കു നൽകിയിട്ടുള്ള ഏറ്റവും വലിയ കല്പന. അതു പാലിക്കാൻ നാമേവരും ഒരുപോലെ ബാധ്യസ്ഥരാണ്.

**വർഗീസ് റെജി**, ഡി1 ഫിസിക്സ്

# കേരളപ്പിറവി

കേരളം- ദൈവത്തിന്റെ സ്വന്തം നാട്. വിശേഷണങ്ങൾക്കും വർണനകൾക്കുമതീതമായി ഓരോ മലയാളിയേയും ഭരിക്കുന്ന വികാരം. ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചു വന്നതല്ല കേരളം, ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ട ശ്രദ്ധേയമായ അനവധി നാഴികകല്ലുകൾ കേരളത്തിന്റെ രൂപവത്ക്കരണത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഏറെ പരിശ്രമങ്ങളുടെയും, പ്രതീക്ഷകളുടെയും ഭാഗമായി 1956 നവംബർ 1 ന് കേരള സംസ്ഥാനം പിറന്നു വീണു. മലയാളികളുടെ മനസ്സിൽ നിത്യവസന്തം തൂകിയ നവംബർ 1, കേരളത്തിന്റെ ജന്മദിനമായി നാം കൊണ്ടാടുന്നു. കേരളപിറവിയ്ക്കും ശേഷം 61 വർഷങ്ങൾ പിന്നിട്ട ഈ സുവർണ്ണാവസരത്തിന്റെ, ചരിത്രപരവും, സാംസ്കാരികപരവുമായി കേരളപ്പിറവിയുടെ അവസ്ഥകളും, വർത്തമാനകാല നേർകാഴ്ചകളും അവലോകന വിധേയമാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

വികാരത്തിന്റെ സമ്പൂർണ്ണമായ വിശകലനത്തിന് ചില നിർണ്ണായകമായ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തേണ്ടത് അനിവാര്യമാകുന്നു. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ മാത്രമെ വിഷയത്തിന്റെ ഉള്ളറകളിലേക്കു പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. ചരിത്രപരമായ കേരളപ്പിറവിയുടെ നാഴികക്കല്ലുകൾ എന്തെല്ലാമാണ്. കേരളപ്പിറവിയ്ക്കു ശേഷം കേരളസംസ്ഥാനം നേരിട്ട വെല്ലുവിളികൾ ഏതൊക്കെയാണ്? വർത്തമാനകാല സ്ഥിതിവിശേഷങ്ങൾ എന്തൊക്കെയാണ്? ഇന്ത്യൻ ജനതയുടെ മുൻപിൽ വ്യത്യസ്ഥതകളുടെ വർണ്ണവിസ്മയം തീർത്ത സംസ്ഥാനമാണ് കേരളം. എല്ലാ മേഖലയിലും സംന്തുലിതമായ വികസനമുറപ്പു വരുത്തി കേരള സംസ്ഥാനം പടുത്തുയർത്തിയ സുവർണ്ണ പാതകൾ ഇവിടെ പരിശോധനാ വിധേയമാക്കുന്നു.

സ്വാതന്ത്ര്യത്തിനുശേഷം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വേർതിരിഞ്ഞു കിടന്ന പ്രദേശങ്ങളെ ഒന്നാക്കുവാനും, ഐക്യകേരളം രൂപവത്കരിക്കാനുമുള്ള പ്രക്ഷോഭം ശക്തിപ്പെട്ടു. ഏറെ നാളത്തെ പരിശ്രമഫലമായി 1956 ലെ സംസ്ഥാന പുന:സംഘടന നിയമപ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുകയും മലയാളം പ്രധാന ഭാഷയായുള്ള പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്ത് 1956 നവംബർ 1ന് കേരളസംസ്ഥാനം രൂപീകൃതമാകുകയും ചെയ്തു. രൂപീകൃതസമയത്ത് ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു "കേരളം". വെറും അഞ്ച് ജില്ലകൾ മാത്രമെ അന്ന് കേരളത്തിനവകാശപ്പെടുവാനുണ്ടായിരുന്നുള്ളൂ. സംസ്ഥാന പുന:സംഘടനാ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി 13 മാസം കഴിഞ്ഞാണ് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം തയ്യാറായത്. കേരളപ്പിറവി സൗഭാഗ്യങ്ങളുടെ ഒരു വലിയ നിരതന്നെ കേരളത്തിനു സമ്മാനിച്ചെങ്കിലും വിഭജനം ഒരിക്കലുമുണങ്ങാത്ത മുറിവുകൾ കേരളത്തിന്റെ മേനിയിൽ ചാർത്തി. തിരുവിതാംകൂറിലെ കോവളം, അഗസ്തീശ്വരം, കൽകുളം, വിളവങ്കോട്ട് എന്നീ നാലു താലൂക്കുകളും, ചെങ്കോട്ടത്താലൂക്കിലെ ഒരു ഭാഗവും മദിരാശി സംസ്ഥാനത്തോട് ചേർക്കപ്പെട്ടു. ശേഷിച്ച തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തോട് മലബാർ ജില്ലയും തെക്കൻ കാനന ജില്ലയിലെ കാസർകോടു ജില്ലയും ചേർക്കപ്പെട്ടു. ഇതിന്റെ ഭാഗമായി കേരളമണ്ണിന്റെ അവിഭാജ്യഘടകമായ കന്യാകുമാരി നമുക്ക് നഷ്ടമായി. ഇന്നും ഈ മുറിവിനെ വേദനയോടുകൂടി മാത്രമേ കാണുവാനാകുകയുള്ളൂ.

1957 ഫെബ്രുവരി 28 നു നടന്ന ആദ്യ പൊതുതിരഞ്ഞെടുപ്പിലൂടെ ഇ.എം.എസ്സിന്റെ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറി. പിന്നീട് മാറ്റങ്ങളുടെ മാറ്റൊലികളായിരുന്നു. കേരളസംസ്ഥാനത്തിൽ മുഴങ്ങിക്കേട്ടത്. സാമൂഹികപരമായ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളുടെയും ദുർഭൂതത്തെ കുഴിച്ചുമൂടി വിദ്യാഭ്യാസത്തിന്റെയും സാമൂഹിക സുരക്ഷയുടെയും പുതിയ വിത്തുകൾ ഇവിടെ പാകപ്പെട്ടു. 1961 ലെ ഭൂപരിഷ്കരണ നിയമം ഇതിലെ ഏറ്റവും പ്രധാനമായ നാഴികക്കല്ലാണ്. ഏറെനാൾ കേരളം ഭരിച്ച ജന്മി കുടിയാൻ വ്യവസ്ഥയുടെ പൂർണ്ണമായ നിർമ്മാജ്ജനം ഉറപ്പാക്കുവാനും, കർഷകന് കൃഷിഭൂമി തിരിച്ചു കിട്ടുവാനുള്ള സാഹചര്യമിതൊരുക്കി തന്നു. വിദ്യാഭ്യാസത്തിലും, ആരോഗ്യരംഗത്തുമുള്ള പുരോഗതി ഇതിൽ ഏറെ ശ്രദ്ധേയമാണ്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യമായ വിദ്യാഭ്യാസമുറപ്പുവരുത്തി സമ്പൂർണ്ണ സാക്ഷരത എന്ന വിലമതിക്കുന്ന തൂവൽ അലങ്കാരമായെടുക്കാൻ നമുക്ക് സാധിച്ചു. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളുടെയും പൊതുജനാരോഗ്യ സമ്പ്രദായവും തകർന്നു കിടന്നപ്പോഴും വ്യക്തമായ നടപടികളുടെയും, പദ്ധതികളുടെയും ഭാഗമായി പൊതുജനാരോഗ്യസമ്പ്രദായത്തിൽ ശ്രദ്ധേയമായ വിപ്ലവങ്ങൾ സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞു.

" കേരള മോഡൽ" എന്നറിയപ്പടുന്ന ഈ പുരോഗമന സാക്ഷാത്കാരം ഇന്ത്യയ്ക്കു മാത്രമല്ല, ലോകത്തിനു തന്നെ മാതൃകയായി തുടരുന്നു. കല, വിദ്യാഭ്യാസം, കായികം, ആരോഗ്യം, സാമൂഹികം എന്നിങ്ങനെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരളത്തിനു സാധിച്ചു. ഐക്യകേരളത്തിന്റെ ആവിർഭാവമാണ് ശ്രദ്ധേയമായ മാറ്റത്തിന് നാന്ദികുറിച്ചത്.

ഭൂതകാലത്തിന്റെ താളുകൾ ചികയുമ്പോഴും വർത്തമാനകാലത്തിന്റെ നേർകാഴ്ചകൾ വിസ്മരിക്കുവാൻ സാധിക്കുകയില്ല. പുരോഗമനങ്ങളുടെ ഗിരിശൃംഖങ്ങൾ കീഴടക്കുന്ന, ശാസ്ത്ര സാങ്കേതിക വിദ്യ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ഈ 21–ാം നൂറ്റാണ്ടിൽ നമ്മുടെ കേരളം എവിടെ നിൽക്കുന്നു എന്ന ചോദ്യം ഏറെ സമകാലിക പ്രസക്തി അർഹിക്കുന്നു. പല മേഖലകളിലും ശ്രദ്ധേയമായ വികസന പരിശ്രമങ്ങൾ കാണുന്നുണ്ടെങ്കിലും, സാമൂഹിക സമത്വത്തിലും സാംസ്ക്കാരിക വളർച്ചയിലും ശ്രദ്ധേയമായ അധ:പതനം ഇന്ന് നിലനിൽക്കുന്നു. സ്ത്രീപീഢനങ്ങളുടെയും, കൊലപാതകങ്ങളുടെയും, അഴിമതികളുടെയും, പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങളുടെയും മുറവിളികളാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തിൽ നിന്നുയരുന്നത്. സമൂഹത്തിൽ നിന്നുയരുന്ന അസമത്വത്തിന്റെ മുറവിളികൾ ഏറെ ആശങ്കയോടെ മാത്രമെ നമുക്ക് കേൾക്കുവാനാകുകയുള്ളൂ. മതം, രാഷ്ട്രീയം, പണം എന്നീ സങ്കുചിത ശക്തികളുടെ കൈയ്യിൽ കേന്ദ്രീകരിക്കുന്ന സാമൂഹിക അവസ്ഥകളെയാണ് ദൈനംദിനം നാം വീക്ഷിക്കുന്നത്. വികസനത്തിന്റെ പേരിൽ പ്രകൃതിയുടെ നട്ടെല്ലുതകർത്ത മലയാളികൾ കേരളത്തിന്റെ ഭൂപ്രകൃതിയിൽ തന്നെ മാറ്റം വരുത്തിയിരിക്കുന്നു. വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങളും സ്ത്രീപീഢന കഥകളും സാംസ്ക്കാരിക കേരളം എങ്ങോട്ടു പോകുന്നു എന്ന വലിയ ചോദ്യം നമുക്കു മുന്നിലുന്നയിക്കുന്നു.

കേരളപ്പിറവിയ്ക്കും, അതിനു മുൻപും ശേഷവും നടക്കുകയും, നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സംഭവവികാസങ്ങൾ വിശകലന വിധേയമാക്കേണ്ടത് ഓരോ മലയാളികളുടേയും കടമയാണ്. വ്യത്യസ്ഥതകൾ സൃഷ്ടിക്കപ്പെടുന്ന ഈ 21–ാം നൂറ്റാണ്ടിലും ഉയർന്നു വരുന്ന അസമത്വത്തിന്റെ വേരുകൾ പിഴുതെറിയേണ്ടത് നമ്മളോരോരുത്തരുമാണ്. പുതിയ മാറ്റങ്ങൾ മാത്രമെ പുതിയ വിപ്ലവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളൂ. ആ മാറ്റങ്ങളിലൂടെ വ്യത്യസ്ഥതകൾ തീർക്കുന്ന ഒരു നവകേരളത്തിനായി നമുക്കു കൈകോർക്കാം.

**ഐശ്വര്യ പി.ആർ.,** ഡി2. ബികോം

## Inauguration

MGOCSM ബസേലിയസ് കോളേജിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ത്രിദിന ക്യാമ്പ്2017ഒക്ടോബർ 27,28,29 എന്നീ തീയതികളിലായി മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. ഉദ്ഘാടന ദിവസമായ 27-ാം തീയതി വൈകുന്നേരം 5 മണിക്ക് എം.ഒ.സി കോളേജുകളുടെ മാനേജരായി പ്രവർത്തിക്കുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മുഖ്യാതിഥിയായി ഉദ്ഘാടന സമ്മേളനത്തിലേയ്ക്ക് കടന്നുവന്നു. ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിക്കുകയും അതേതുടർന്ന് മനോഹരമായ രീതിയിൽ അദ്ദേഹം ഒരു ക്ലാസ്സ് നടത്തുകയും ചെയ്തു. കോളേജിന്റെ പ്രിൻസിപ്പൽ ഡോ. ജാൻസി തോമസ് അതേതുടർന്ന് ക്യാമ്പിന് ആശംസകൾ അറിയിക്കുകയും ചെയ്തു. ഉദ്ഘാടന ദിവസത്തിൽ കോളേജിലെ അദ്ധ്യാപകർ ക്യാമ്പ് സന്ദർശിക്കുകയും ചെയ്തു. ഏകദേശം ആറുമണിയോടെ ഉദ്ഘാടന സമ്മേളനം പര്യവസാനിക്കുകയും ശേഷം ചാപ്പലിൽ വച്ച് സന്ധ്യ നമസ്ക്കാരം അഭിവന്ദ്യ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വച്ച് നടത്തപ്പെട്ടു. സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷം വിവിധ പരിപാടികൾ ആരംഭിക്കുകയും ചെയ്തു.

## കുമ്പസാരം

മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ വച്ച് നടത്തപ്പെട്ട സ്നേഹ കൂടാരം ത്രിദിന ക്യാമ്പ് വിദ്യാർത്ഥികളിൽ ആത്മീയ ഉണർവ്വ് നൽകുന്നതിനുവേണ്ടി നടത്തപ്പെട്ട കുമ്പസാരം ഏറെ സ്തുത്യർഹമാണ്.29-ാം തീയതി വൈകിട്ട 5 മണിക്ക് കുമ്പസാരമെന്താണെന്നും അതിന്റെ പ്രാധാന്യമെത്രത്തോളമാണ് എന്നതിനെ കുറിച്ചുള്ള ധ്യാനാത്മകമായ ചിന്തകൾ പ്രഭാഷകനായ ഫാ. മോഹൻ ജോസഫ് അച്ചൻ പങ്കുവച്ചു. അതിനുശേഷം സന്ധ്യാ നമസ്ക്കാരത്തെ തുടർന്ന് വി. കുമ്പസാരം നടത്തപ്പെട്ടു. നിശബ്ദമായ അന്തരീക്ഷത്തിൽ നിന്നുകൊണ്ട് പാപബോധത്തെക്കുറിച്ചുള്ള ഒരു തിരിച്ചറിവ് സൃഷ്ടിക്കപ്പെടുവാൻ അത് ഏറെ സഹായകമായി. നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള എല്ലാ സംഭവങ്ങളേയും സൂഷ്മമായി മനസ്സിലാക്കുവാനും നമ്മുടെ അറിവുകൊണ്ടും അറിവു കൂടാതെയും വന്ന തെറ്റുകൾ തിരുത്തുവാനും കുമ്പസാരം ഏറെ സഹായകമായിരുന്നു. ജീവിതത്തിൽ തെറ്റുകളും കുറ്റങ്ങളുമില്ലാത്ത മനുഷ്യജന്മങ്ങളില്ല. പക്ഷേ ആ തെറ്റുകളും കുറ്റങ്ങളും ദൈവസന്നിധിയിൽ ഏറ്റു പറയുമ്പോൾ ആ തെറ്റുകൾ പരിഹരിക്കപ്പെടുകയും നമ്മുടെ ഉള്ളിൽ ആത്മീയമായ ഒരു ഉണർവ്വുണ്ടാവുകയും ചെയ്യുന്നു.

## Ice Breaking

സ്നേഹകൂടാരം ത്രിദിന ക്യാമ്പിന്റെ ആദ്യത്തെ സെക്ഷൻ ആയിരുന്നു. Ice Breaking ഇത് കൈകാര്യം ചെയ്തത്. ബസേലിയസ് കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും, ASAP Skill Development Executive ആയി പ്രവർത്തിക്കുന്ന Sri. Ajay Abraham ആയിരുന്നു. ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് മറക്കുവാൻ കഴിയാത്ത നിമിഷങ്ങളായിരുന്നു അത്. ക്യാമ്പിലെ എല്ലാ കുട്ടികളെയും 4 ഗ്രൂപ്പുകളായി തിരിച്ച് കൊണ്ടാണ് ഈ സെക്ഷൻ ആരംഭിച്ചത്. ഗ്രൂപ്പിലെ അംഗങ്ങളെല്ലാം ഒരുമിച്ചു കൂടി ആ ഗ്രൂപ്പിനൊരു പേർ നിർദ്ദേശിച്ച് ആ പേരിന്റെ അർത്ഥം മറ്റുഗ്രൂപ്പുകാർക്ക് മനസ്സിലാകും വിധം സ്റ്റേജിൽ അവതരിപ്പിക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പിലെയും എല്ലാ അംഗങ്ങളേയും ഒരുമിച്ച് കൂട്ടി വളരെ വേഗം തന്നെ എല്ലാവരുമായി സൗഹൃദം സൃഷ്ടിക്കുവാൻ ഈ സെക്ഷൻ ഒരു മുഖാന്തിരമായി. അതിനു ശേഷം ന്യൂസ്പേപ്പർ ഉപയോഗിച്ചുകൊണ്ടുള്ള ക്രാഫ്റ്റ് വർക്കുകളും ഉണ്ടായിരുന്നു. ഏറെ സന്തോഷപ്രദമായ നിമിഷങ്ങളായിരുന്നു അവ.

## Theme Breaking Session

28-ാം തീയതി രാവിലെ 7 മണിക്ക് ആയിരുന്നു സ്നേഹകൂടാരം എന്ന സംഗമത്തിന്റെ Theme Breaking Section. പ്രൊഫ. തോമസ് കുരുവിള സാർ ആണ് ഈ സെക്ഷനെ നയിച്ചത്. ചുരുങ്ങിയ വാക്കുകൾ കൊണ്ടു തന്നെ വിദ്യാർത്ഥികളുടെ മനസ്സിൽ മാറ്റത്തിന്റെ പുതുനാമ്പുകൾ വിടർത്തുവാൻ അദ്ദേഹത്തിന് സാധിച്ചു.

“ നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക അവൻ നിന്റെ പാതകളെ നേരെയാക്കും” ഇതായിരുന്നു സ്നേഹകൂടാരത്തിന്റെ ആപ്ത വാക്യം. പ്രകൃതിയുമായി ഇണങ്ങി ചേരുന്ന രീതിയിൽ വളരെ പ്രകൃതി രമണീയമായ സ്ഥലത്തായിരുന്നു സെക്ഷൻ നടന്നത്. ജീവിതത്തിലെ ഓരോ പ്രതിസന്ധിയിലും ദൈവത്തെ മുറുകെ പിടിച്ച് ജീവിതം എങ്ങനെ ആനന്ദഭരിതമാക്കാം എന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഉത്ബോധിപ്പിച്ചു. തന്റെ വാക്ചാതുര്യത്താൽ വിദ്യാർത്ഥികളുടെ ഓരോ ചിന്തകളിലും ദൈവീകമായ സ്പർശനം ഉണ്ടായിരുന്നു. ഇതിനാൽ സ്നേഹകൂടാരത്തിന്റെ Theme ഓരോ വിദ്യാർത്ഥികളിലും ദൈവീകമായ ഉത്ബോധനം ഉണ്ടായി എന്ന് നിസംശയം പറയുവാൻ ആകും.

## ജോസഫ് കെ. ജോസ്

സ്നേഹകൂടാരം ത്രിദിന ക്യാമ്പിന്റെ 2-ാം ദിവസമായ 28-ാം തീയതി ‘Youth Icon’ ആയി കടന്നു വന്ന വ്യക്തിയായിരുന്നു ശ്രീ. ജോസഫ് കെ. ജോസ്. ചെറുപ്രായത്തിൽ തന്നെ ‘Buried Thoughts ’എന്ന പേരിൽ തന്റെ ആത്മ കഥപ്രകാശനം ചെയ്ത അദ്ദേഹം ഇപ്പോൾ ആർ ജെ യായി പ്രവർത്തിക്കുന്നു. ഏകദേശം 10 മണിക്ക് ആരംഭിച്ച അദ്ദേഹത്തിന്റെ സെക്ഷൻ പന്ത്രണ്ടു മണിയോടെയാണ് അവസാനിച്ചത്.ഈ രണ്ടു മണിക്കൂറികൾകൊണ്ട് അദ്ദേഹം തന്റെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ അനാവരണം ചെയ്തു. ശ്രോതാക്കളുടെ മനസ്സിനെ ഏറ്റവും ആഴത്തിൽ സ്പർശിക്കുവാൻ ആ വാക്കുകൾക്ക് കഴിഞ്ഞു. വ്യക്തിജീവിതത്തിൽ ഒരാൾക്ക് എങ്ങനെ നല്ലൊരു മകനും, സഹോദരനും, സുഹൃത്തുമായി മാറാം എന്നുള്ളതിന്റെ ഉദാത്ത ഉദാഹരണമായിരുന്നു ആ വ്യക്തിത്വം. തന്റെ ബലഹീനതകൾ പിന്നീട് തന്റെ ഏറ്റവും വലിയ കരുത്തായി അദ്ദേഹം മാറ്റിയെടുത്ത് ഏറെ ശ്രദ്ധേയമാണ്. ജീവിതത്തിൽ തനിക്കുണ്ടായ അനുഭവങ്ങളിൽ നിന്ന് ജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ജീവിത വിജയം നേടിയ വ്യക്തിയുടെ വാക്കുകൾക്ക് പ്രസക്തിയേറെയുണ്ട്. യുവത്വത്തിന്റെ ഇടയിൽ ഒരു ഹരമായി മാറിയാണ് അദ്ദേഹം ആ ക്യാമ്പിൽ നിന്നും പടിയിറങ്ങിയത്.



# സ്നേഹ കൂടാരം –17 ഓർമ്മകൾ

## Councelling Session

മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റിന്റെയും MGOCSM ന്റെയും ഒത്തുചേർന്ന സംഘടനയാണ് വിപാസന. ഇരുപത്തിനാലു മണിക്കൂറും വൈകാരിക പ്രതിസന്ധിയിൽ സഹായം നൽകുന്നതാണ് അവരുടെ സേവനം. വൈകാരിക സഹായ ടെലിഫോൺ ലൈൻ, മുഖാമുഖ ചർച്ചകൾ, ആത്മഹത്യാ പ്രതിരോധ പ്രവർത്തനങ്ങൾ, വിപാസന കുടുംബ സംഗമങ്ങൾ, ബോധവത്ക്കരണ/ പരിശീലന പരിപാടികൾ തുടങ്ങിയവയാണ്. വിപാസന ഇമോഷണൽ സപ്പോർട്ട് സെന്റർ എന്ന സ്ഥാപനം സി.എം.എസ് കോളേജിന് സമീപം ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്ററിൽ പ്രവർത്തിച്ച് വരുന്നു. രണ്ടാം ദിവസം ക്യാംപിലെ ഒരു സെക്ഷൻ വിപാസനയുടെ കൗൺസലിംഗ് ആയിരുന്നു. 3 പേർ അടങ്ങിയ കാൺസലിംഗ് ടീമിന് ഭൂരിഭാഗം വിദ്യാർത്ഥികളോടു സംസാരിക്കാനും അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും പരിഹരിക്കാനും സാധിച്ചു.

## VALEDICTORY FUNCTION

ബസേലിയസ് കോളേജിന്റെയും MGOCSM യൂണിറ്റിന്റെയും സ്നേഹകൂടാരം ത്രിദിന ക്യാമ്പ് 2017 ഒക്ടോബർ മാസം 27,28,29 തീയതികളിലായി മാന്നാനം ക്രൈസ്തവാശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. 27-ാം തീയതി ഏകദേശം 5 മണിയോടുകൂടി ആരംഭിച്ച സ്നേഹകൂടാരം വിവധങ്ങളായ അനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് നൽകികൊണ്ട് 29-ാം തീയതി വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം സമാപന സമ്മേളനത്തോടുകൂടി പര്യവസാനിച്ചു. അന്നേ ദിവസം വിശിഷ്ട വ്യക്തിയായി ക്ഷണം സ്വീകരിച്ചു കടന്നു വന്നത് MGOCSM കേന്ദ്ര ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന റവ. ഫാ. ഫിലൻ പി. മാത്യൂസ് ആയിരുന്നു. ചുരുങ്ങിയ വാക്കുകൾ കൊണ്ട് വിദ്യാർത്ഥികളുടെ മനസ്സിൽ മാറ്റത്തിന്റെ അലകളുയർത്താൻ അദ്ദേഹത്തിന് സാധിച്ചു. അന്നേ ദിവസം വി. കുർബ്ബാന അർപ്പിച്ച ബസേലിയസ് കലാലയത്തിന്റെ ഹിസ്റ്ററി വിഭാഗം അദ്ധ്യാപകനും കൂടിയായിരിക്കുന്ന ബുഹമാനപ്പെട്ട തോംസൺ റോബിയച്ചന്റെ സാന്നിദ്ധ്യവും ഏറെ ധന്യമായിരുന്നു. MGOCSM സെക്രട്ടറിയായി പ്രവർത്തിക്കുന്ന മെബിൻ മനോജ് ക്യാമ്പിന്റെ സംഘാടകർക്കും ഇതിൽ ഭാഗഭാക്കായിരുന്ന വിദ്യാർത്ഥി പ്രതിനിധികൾക്കും നന്ദി പ്രകാശിപ്പിച്ചു. അതേ തുടർന്ന് MGOCSM യൂണിറ്റിന്റെ പ്രധാന ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട നിബു ബി. തോമസ് ക്യാമ്പിന്റെ സംഘാടകരെ എല്ലാവരെയും പരിചയപ്പെടുത്തുകയും അവരോടുള്ള കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ഇതിനോടൊപ്പം നിബു സാറിനോട് ചേർന്ന് MGOCSM പ്രവർത്തനങ്ങളിൽ ചുക്കാൻ പിടിക്കുന്ന ഡോ. സെൽവി സേവ്യർ ചുരുങ്ങിയ വാക്കുകൾ കൊണ്ട് കൃതജ്ഞത അർപ്പിച്ചു. ക്യാമ്പിന്റെ അനുഭവങ്ങൾ പങ്കവയ്ക്കുവാനായി ഓരോ ഡിപ്പാർട്ടുമെന്റിലേയും വിദ്യാർത്ഥി പ്രതിനിധികൾ തയ്യാറായി. വിദ്യാർത്ഥി പ്രതിനിധികളുടെ ഈ വിലയിരുത്തൽ ക്യാമ്പിന്റെ വിജയം നിർണ്ണയിക്കാൻ ഏറെ സഹായകമായി. പ്രാർത്ഥനയോടു കൂടി ഏകദേശം 12 മണിയോടു കൂടി 2017–18 അധ്യായന വർഷത്തിലെ സ്നേഹ കൂടാരം വിജയകരമായി സമാപിച്ചു.

---

## A Lost Friendship...

If friendship is your weakest point, then you are the strongest person in the world. Good friends say good things behind your back and bad things at your face. I too had a friend, infact my best friend who would be with my always whether in times of joy or sorrow.

Our friendship started on 7th February 1999 in a hospital at morning 11:35 am. As time passed by our bonds of friendship increased intially my friend taught me how to read the Bible, how to pray, and taught me few liburgical songs and prayers of the Church. He then slowly planted in me few seeds of interest in photography and in painting and made me see the different colours of life.

My friend was the strength of my life. It is he who made me what I am today. It is he who made me bold and confident in life. He is the one who taught me to be optimistic in life and face the world however big be the danger coming in life. And so I always had the courage that let the world stand against me, I would not fail as I have my friend, I have my friends hands to hold me if I fall and his prayers which is the shield to my protection. It is my friend who motivated me when I went through the downstages of my life. And now it is my friend again who inspired me to write an article now...

Our friendship lasted for 17 years. It might feel like a long time for the readers but for me it was a very short period. I wanted to spent more time. I wanted to make more memories. I wanted to fulfill all his dreams. But time destroys everything. It brought as end to our friendship by calling by my best friend to heaven. I won’t curse time rather I feel may be God might have felt jealous in our friendship and may be He wantd to have such a friend and so took away mine...

But my best friend is very smart. He had kept for me another best friend and left, my mother. And how through my mother, I can see my friend, I can see his dreams, I can feel his presence.

Truly, one of the greatest gifts I got from God is my best friend. My dad, My father for something , I would ask my God to return my father back to me, my father whose arms are my safest place on earth.

**Riby Ann Varghese**, D1 Bcom

## പരോപകാരം

ഉലകുവാഴും പ്രകാശത്തിനുള്ളിലായ്
പലനിറങ്ങൾ കാല വർണ വ്യത്യാസങ്ങള-
വയടർന്നങ്ങു ഒരു ത്യാഗമായ് സ്നേഹമായ്
കരുണയായ് കാലമെഴുതുന്ന നന്മയായ്
ചിതറിമാറുമ്പോളുള്ളിലായ് കണ്ടിടാം
പരോപകാര-
മെഴുതിടുന്ന ലിപി തന്റെ അംശങ്ങൾ
ലളിതമാമതിൽ ഭൂവിനെ കൺപു ഞാൻ

കലിയടങ്ങാത്ത ലോകത്തിനായുസ്സിന്ന-
മൃത്യു നൽകും മരങ്ങളെ കാൺപു ഞാൻ
സ്വയമുരുകിക്കൊണ്ടവർ പടുത്തീടുന്നു
പുതിയകാലം പഠിക്കേണ്ട പാഠങ്ങൾ
പുതുയുഗം തീർത്ത സ്വാർത്ഥത കാലത്തിൽ,
പുതിയ സംസ്ക്കാര വിത്തുകൾ പാകുന്നു
മറകൾ തീർത്ത നാം മാർഗ്ഗങ്ങൾ തേടുന്നു
ഇല്ല കാണുവാൻ കണ്ണില്ല, ഇല്ല കേൾക്കുവാൻ
കാതുകളൊന്നുമേ

മുന്നിൽ നിൽക്കും സഹജീവി തൻ കണ്ണീർ
തുള്ളിയാർക്കും വിലാപക്കയങ്ങളും
അർത്ഥമില്ലാത്ത ജീവിതസാഗരം,
അർത്ഥമാക്കുവാൻ കൺകൾ തുറക്കുവിൻ,
നീട്ടുവിൻ സ്നേഹമേകും കരസ്പർശം
മായ്ക്കുവിൻ സഹജീവി തൻ കണ്ണുനീർ
സ്വപ്ന സാഗരമായിടും ഭൂവിലായ്
വിശ്വസ്നേഹയുഗം പടുത്തീടുവിൻ

**ഐശ്വര്യ പി.ആർ.**, ഡി2. ബികോം

## സ്നേഹ നാഥൻ

സ്നേഹ ദൈവം മനുഷ്യനായതു
നമ്മുടെ രക്ഷയ്ക്കായ്-
പുൽക്കൂട്ടിൽ പിറന്നതും മഹത്വമെല്ലാം
വെടിഞ്ഞതും ദൈവമക്കളായി നമ്മെ
ഉയർത്തുവാനായ്
സഹിച്ചതും മരിച്ചതും ഉത്ഥാനം ചെയ്തതും
പാപത്തിൽ വീണുപോയ നമ്മുടെ രക്ഷയ്ക്കായ്
കൈപ്പുനീർ കുടിച്ചതും ആണിപ്പാടുകൾ ഏറ്റതും
ചമ്മട്ടിയാൽ അടിയേറ്റതും നമ്മുടെ രക്ഷയ്ക്കായ്
മറ്റുള്ളവർക്കെന്നും നന്മ ചെയ്യാൻ
നമ്മുക്കു കഴിയണം
മറ്റുള്ളവരെ എന്നും സ്നേഹിക്കാൻ
നമ്മുക്കു കഴിയണം
സ്നേഹം, കരുണ, വിനയം
ഇവ നമ്മുടെ ജീവിതത്തിൽ
എന്നും ഉണ്ടാവണം എന്നാൽ
ദൈവത്തിന്റെ കാവൽ നമുക്ക് എന്നും ഉണ്ടാവും.

**ഷാനു റോസമ്മ ഷാജി**, ഡി1 മലയാളം

Geo OFFSET PRINTERS
Manarcad, Kottayam
Ph: 0481-2370108
9447070108
E-mail: geomanarcad@gmail.com

# നോട്ടു നിരോധനം; ഒരു വർഷം പിന്നിടുമ്പോൾ...

2016 നവംബർ 8–ാം തീയതി ഇരുട്ടി വെളുത്തത് ഇന്ത്യാമഹാരാജ്യത്തിന്റെ ഭാവിയെതന്നെ മാറ്റി മറിയ്ക്കാൻ പോന്ന സുപ്രധാന തീരുമാനമായിരുന്നു 8–ാം തീയതി വൈകുന്നേരം ആണ് പ്രധാന മന്ത്രി നരേന്ദ്രമോദി ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ട് തികച്ചും നാടകീയമായി 500,1000 നോട്ടുകൾ അസാധുവായി എന്ന പ്രഖ്യാപനം നടത്തിയത്. കള്ളപ്പണ നിർമ്മാജ്ജനവും, ഭീകര പ്രവർത്തനത്തിൽ സഹായിക്കുന്ന കള്ള നോട്ട് ഇല്ലാതാക്കലും, ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കലും ആണ് നോട്ടു നിരോധനത്തിന്റെ ലക്ഷ്യങ്ങൾ. നോട്ട് നിരോധനത്തിനുശേഷം ഒരു വർഷം പിന്നിടുമ്പോൾ ഇവയെല്ലാം എത്രത്തോളം പ്രാബല്യത്തിൽ വന്നുവെന്ന് നാം അറിയേണ്ടതുണ്ട്.

കുറച്ചു നാളത്തേയ്ക്ക് ജനങ്ങളെ പാടെ വലച്ചു കളഞ്ഞ ഒന്നായിരുന്നു നോട്ടു നിരോധനം. എങ്കിലും പദ്ധതിയുടെ ദീർഘകാല ഉദ്ദേശങ്ങൾ കണ്ടില്ലെന്നു വയ്ക്കാനാവില്ല. നോട്ട് പിൻവലിയ്ക്കലിലൂടെ രാജ്യത്തെ സാമ്പത്തിക ഇടപാടുകൾ സുതാര്യമായി മാത്രമല്ല ഒരു വ്യക്തിയ്ക്ക് കൈവശം വച്ചിരിക്കുന്ന പണത്തിന്റെ ഉറവിടവും, അളവും പ്രസിദ്ധപ്പെടുത്തേണ്ടതായും വന്നു. ഇതുമൂലം കള്ളപ്പണവും കൈക്കൂലിയും രാജ്യത്ത് കുറഞ്ഞു. പാൻകാർഡും മറ്റും പണഇടപാടുകൾക്കായി ഉപയോഗിക്കുന്നതും ഇതേ ഉദ്ദേശത്തോടെ തന്നെയാണ്. ഇതുകൊണ്ടു തന്നെ പൂഴ്ത്തി വച്ചിരുന്ന നികുതി അടവുകൾ ഗവൺമെന്റിലേക്ക് തന്നെ എത്തി. കൂടാതെ രാജ്യത്തിന് എതിരേയുള്ള ഭീകരപ്രവർത്തനങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ നോട്ടു നിരോധനം മൂലം സാധിച്ചു. മറ്റൊരു പ്രധാന നേട്ടം കള്ളനോട്ടിന്റെ വ്യാപനം തടയാൻ ഇതുമൂലം സാധിയ്ക്കും എന്നതാണ്. ഇന്ത്യയിൽ ഉണ്ടായിരുന്ന കള്ളനോട്ടിൽ ഏറിയ പങ്കും ഉയർന്ന മൂല്യം ഉള്ള 1000, 500 രൂപയുടേതായിരുന്നു. അതിനാൽ 500, 1000 രൂപാനോട്ടുകൾ ഒഴിവാക്കിയത് കള്ളനോട്ടിന്റെ വ്യാപനം തടയാൻ സഹായിച്ചു. നോട്ടു നിരോധനത്തിന്റെ ആത്യന്തിക ലക്ഷ്യം എന്നത് ഇന്ത്യയെ ഒരു കറൻസിരഹിത രാജ്യമാക്കുക എന്നതാണ്. നോട്ടുകളുടെ ഉപയോഗം കുറയുകയും ഡിജിറ്റൽ ബാങ്കുമുഖേനയുള്ള പണമിടപാടുകൾ കൂടിയതും ഇന്ത്യയുടെ സ്വപ്ന പദ്ധതിയായ ഡിജിറ്റൽ ഇന്ത്യയ്ക്ക് മുതൽക്കൂട്ടാകും എന്നത് തീർച്ച. നോട്ട് നിരോധനത്തിന്റെ ഗുണങ്ങൾ ഇതെല്ലാമാണെങ്കിലും അതിന് ദോഷങ്ങളും ഉണ്ട്.

നോട്ടുനിരോധനം മൂലം എറ്റവും അധികം ബുദ്ധിമുട്ടിയത് സാധാരണ ജനങ്ങളായിരുന്നു. കടുത്ത നോട്ട് ക്ഷാമവും, സാമ്പത്തിക മാന്ദ്യവും ഇതേതുടർന്ന് ഉണ്ടായി മാത്രമല്ല മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി) വളർച്ച പതുക്കെയായി.ബാങ്കുകൾക്ക് മുന്നിൽ നീണ്ടവരികൾ പ്രത്യക്ഷപ്പെട്ടു , എടിഎം മുകൾ ഒഴിഞ്ഞു കിടന്നു. ഗ്രാമീണ ജനതയും അന്നന്നത്തെ കൂലികൊണ്ട് നിത്യചെലവ് നടത്തുന്ന സാധാരണക്കാരുമാണ് നോട്ടു നിരോധനം കൊണ്ട് ഏറെ ബുദ്ധിമുട്ടിയെന്ന് പറയാതെ വയ്യ. റിയൽ എസ്റ്റേറ്റ്, തൊഴിൽ മേഖല, ആരോഗ്യ മേഖല എന്നിവിടങ്ങളിലും ഇതേതുടർന്ന് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടായി. കള്ളപ്പണം നിരോധിക്കുക എന്നതായിരുന്നു നോട്ടു നിരോധനത്തിന്റെ ലക്ഷ്യമെങ്കിലും 2000 രൂപ വരുംകാലങ്ങളിൽ കള്ളപ്പണം ഉപയോഗിയ്ക്കാൻ കൂടുതൽ എളുപ്പമാക്കി തീർക്കും എന്ന് സാമ്പത്തിക നിരീക്ഷകർ പറയുന്നു. മാത്രമല്ല 2000 രൂപ പോലെ ഉയർന്ന മൂല്യമുള്ള പണം സാധാരണക്കാർക്ക് ധാരാളം ബുദ്ധിമുട്ടുകൾ വരുത്തി വച്ചു എന്നു പറയേണ്ടി വരും.

നോട്ടു നിരോധനം നടന്ന് ഒരു വർഷം പിന്നിടുന്ന ഈ അവസരത്തിൽ 2000 ത്തിന്റെയും, 500 ന്റെയും കള്ളനോട്ടുകൾ ധാരാളമായി പ്രത്യക്ഷപ്പെടുന്നത് ശ്രദ്ധിക്കപ്പെടേണ്ട ഒന്നുതന്നെയാണ്. ഇത് ഈ തീരുമാനത്തിന്റെ സാധുത ചോദ്യം ചെയ്യുന്നതാണ്. എന്നിരിക്കിലും നോട്ടു നിരോധനം മൂലം പൊതുജനം കൃത്യമായി നികുതി അടയ്ക്കാൻ തുടങ്ങി ഒപ്പം ഡിജിറ്റൽ ധനമിനിമയം ശ്രദ്ധിക്കപ്പെടുകയും ചെയ്തു. ഗുണദോഷ സമ്മിശ്രമായിരുന്നു. ഈ തീരുമാനം എന്നാണ് നോട്ടു നിരോധനത്തിന്റെ ഒരു വർഷം നമ്മോടു പറയുന്നത്.

# വിനോദ യാത്ര

വലിയ സന്തോഷത്തോടെയാണ് ഉറങ്ങാൻ കിടന്നത്. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കം വരുന്നില്ല. മനസ്സ് നിറയെ അടുത്തയാഴ്ചത്തെ വിനോദയാത്രയുടെ ചിന്തകളായിരുന്നു. എല്ലാത്തവണത്തെയും പോലെ ഇത്തവണയും ചോദിച്ചപ്പോഴേ അപ്പൻ കാശു തന്നു. കിട്ടിയ ഉടനെ തന്നെ പണം പെൻസിൽ ബോക്സിലും വച്ചു 'അല്ലെങ്കിൽ നാളെ മറന്നു പോയാലോ? '

എല്ലാത്തവണത്തെയും പോലെ ഇത്തവണത്തെ ടൂറും നല്ല രസമായിരിക്കും. കഴിഞ്ഞ തവണ മൈസൂരു പോയപ്പോൾ മുഴുവൻ സ്ഥലങ്ങളിലൊന്നും പോവാൻ പറ്റിയില്ല. സാരമില്ല ഇത്തവണ 4 ദിവസത്തെ ടൂറാണ് എല്ലായിടത്തും പോകാൻ സമയം കിട്ടും.

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് ഉറങ്ങിയപ്പോൾ സമയമേറെയായി. രാവിലെ അപ്പന്റെയും അമ്മയുടെയും ശബ്ദം കേട്ടാണ് കണ്ണുതുറന്നത്. നല്ല മഴയും തണുപ്പുമായതിനാൽ കട്ടിലിൽ നിന്നെഴുന്നേൽക്കാൻ തോന്നിയില്ല. 'ശനിയാഴ്ചയല്ലേ , കുറച്ചുകൂടി കിടന്നേക്കാം. ' ഇന്നെന്താ നേരത്തെ റബറു വെട്ട് കഴിഞ്ഞോ ? അമ്മയുടെ ശബ്ദം പുതപ്പിനടിയിലൂടെ എന്റെ ചെവിയിലെത്തി. മഴയായതുകൊണ്ട് മുഴുവനും വെട്ടിയില്ല റെയിൻകോട്ട് മുഴുവനും കീറിയതാ ആകെ നനഞ്ഞു. തൊട്ടു പുറകെ അപ്പന്റെ ശബ്ദവുമെത്തി. "ഈ കീറിയതു കളഞ്ഞിട്ട് പുതിയൊരെണ്ണം വാങ്ങിക്കരുതോ?" "ഇതിപ്പം എത്ര കൊല്ലമായി" അമ്മ ദേഷ്യത്തോടെ പറഞ്ഞു. "എല്ലാറ്റിനും പൈസ വേണ്ടായോടീ കുറച്ചു ദിവസമായിട്ട് ആകെച്ചലവാ മഴയായതുകൊണ്ട് ഷീറ്റും കുറവാ" "എന്ന് പറഞ്ഞ് ഈ മഴയും നനഞ്ഞു നടന്നാ പനി വരത്തില്ലേ? പൈസ ഇല്ലെങ്കിൽ പിന്നെന്തിനാ കൊച്ചിന്നലെ കാശ് ചോദിച്ച ഉടനെ എടുത്ത് കൊടുത്തത്. അവളോട് പറഞ്ഞാ പോരായിരുന്നോ? മനസിലാക്കാനുള്ള പ്രായമൊക്കെയായല്ലോ?" ഒന്നു പതുക്കെപ്പറ അവളു കേൾക്കും അപ്പൻ സ്വരംതാഴ്ത്തി. "ആ അവളിതുവരെ എഴുന്നേറ്റിട്ടില്ല അമ്മയുടെ ശബ്ദവും താഴ്ന്നു." "എടീ നിനക്കറിയാമോ ഞാൻ സ്കൂളിൽ പഠിച്ചപ്പോ ഒരു തവണ പോലും ടൂറിനു പോയിട്ടില്ല. ആഗ്രഹമില്ലാഞ്ഞിട്ടല്ല കാശ് ചോദിച്ചാ അപ്പൻ തരത്തില്ലായിരുന്നു, തരാൻ അപ്പന്റെ കൈയ്യിൽ കാശില്ലായിരുന്നു. പഠിത്തം കഴിഞ്ഞും ഈ നാടു വിട്ട് ഞാനെവിടെയും പോയിട്ടില്ല. അപ്പോഴേക്കും പ്രാരാബ്ധങ്ങളൊക്കെ എന്റെ തലേലായി. എന്റെ കൊച്ചിന് ആ ഗതി വരരുത്. അതിനാ ഞാൻ ഇല്ലാത്ത കാശുണ്ടാക്കി അവൾക്ക് കൊടുത്തത്." അപ്പന്റെ തൊണ്ടയിടറി.

"ഒരു കണക്കിനു ശരിയാ എനിക്കൊക്കെ അപ്പനോട് കാശ് ചോദിക്കാൻ തന്നെ പേടിയായിരുന്നു. ഫീസ് പോലും എത്ര തവണ ചോദിച്ചാലാണോ തരുന്നത്?" ഒരു നെടുവീർപ്പോടെ അമ്മ നിർത്തി.

പുതപ്പിനടിയിൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. പക്ഷേ അത്തവണയും ഞാൻ ടൂറു പോയി എന്റെ അപ്പനും അമ്മയ്ക്കുമൊപ്പം. മൈസൂർക്കൊന്നുമല്ല. അപ്പൻ എനിക്കു ടൂറിനു തന്ന പൈസയിൽ നിന്ന് ഒരു റെയിൻ കോട്ട് വാങ്ങിയതിന്റെ ബാക്കി കൊണ്ട് ഞങ്ങൾ മൂന്നാളും വീടിന്റെ അധികം അകലെയല്ലാത്ത, എന്നാൽ എന്നാൽ എന്റെ അപ്പനുമമ്മയും ഇതുവരെയും പോയിട്ടില്ലാത്ത ബീച്ചിലേക്ക് പോയി. ഒരുപാട് നേരം കടലമ്മയുമായി കളിച്ചു, ഐസ്ക്രീം കഴിച്ചു പിന്നെ പൂഴിയിൽ വീടുണ്ടാക്കി, എന്റെ സ്വപ്നത്തിലുള്ള ഞങ്ങളുടെ കൊട്ടാരം.

**അഞ്ജിത സാറാ ജോൺ,** ഡി2 മാത്തമാറ്റിക്സ്

**നിങ്ങളുടെ ലേഖനങ്ങൾ, കഥകൾ, കവിതകൾ, ചിത്രരചനകൾ, പുസ്തക നിരൂപണങ്ങൾ തുടങ്ങിയവ സ്നേഹപൂർവ്വത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി സ്റ്റാഫ് എഡിറ്റർ – പ്രൊഫ. നിബു ബി. തോമസ്, സ്റ്റുഡന്റ് എഡിറ്റേഴ്സ് –നിഖിൽ ജോർജ്ജ്, എയ്ഞ്ചൽ ഹന്നാ വിൽസൺ എന്നിവരെ സമീപിക്കുക.**

# സ്നേഹകൂടാരം 2K17

**ക്യാമ്പ് ഓർമ്മകൾ...**











**NELSON HOLIDAYS**
Ayarkunnam
Ph: 9497305006


വര



**Rony Thomas**, D1 Maths

**MGOCSM-ന്റെ കാവൽപിതാവ്**



പരി. പരുമല തിരുമേനി
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.